മൂവി റിവ്യൂ

ദർബാർ

പറഞ്ഞു പഴകി തേഞ്ഞ ശരാശരി കഥയെ തന്റെ എഴുപതാം വയസ്സിലും മുപ്പതുകളുടെ ഊർജത്തോടെ തോളിലേറ്റി, ആദിത്യ അരുണാചലമായി പൂണ്ടു വിളയാടുന്ന രജനി കാന്ത് എന്ന വിസ്മയത്തിനു വേണ്ടി ഒന്ന് കാണാം ദർബാർ...

ഡാൻസ്, ഫൈറ്റ്, ഇമോഷൻസ് ഏതായാലും എന്താ, ഈ വയസ്സാം കാലത്ത്....
അടടടടാ എന്നാ ഒരു സ്റ്റൈൽ...
എന്നാ ഒരു എനർജി...സംഘട്ടന രംഗങ്ങളിൽ ഒക്കെയും പല ന്യൂ ജനറേഷൻ യൂത്തന്മാർക്ക് സ്വപ്നം പോലും കാണാൻ കഴിയാത്തത്ര ഹൈ വോൾടേജ് പെർഫോമൻസ്...
ചുമ്മാ കിഴി 😃

തലൈവരെ മാറ്റി നിർത്തിയാൽ എടുത്തു പറയത്തക്ക പ്രകടനം കാഴ്ചവച്ചത് നിവേദ ആണ്... നന്നായി...

സുനിൽ ഷെട്ടിയും തരക്കേടില്ല...

നയൻതാര ഒക്കെ ഗസ്റ്റ് റോൾ എന്ന് പറയുകയേ നിവൃത്തി ഉള്ളൂ...

വൻ കല്ലുകടി ആയതു ലിപ് സിങ്ക് ആണ്... മുംബൈ - ഉത്തരേന്ത്യൻ കഥാപശ്ചാത്തലം ആയതുകൊണ്ട് തന്നെ പല കഥാപാത്രങ്ങളും വായനക്കുന്നത് ഹിന്ദിയിൽ ആണെങ്കിലും നമ്മളെ കേൾപ്പിക്കുന്നത് തമിഴിൽ ആണ്...
അതുകൊണ്ട് തന്നെ പലപ്പോഴും മൊഴിമാറ്റ ചിത്രം കാണുന്നത് പോലെ തോന്നും...

ഒരു ലോജിക്കും പ്രതീക്ഷിക്കാതെ എന്നെ പോലെ "തലൈവർ മാസ്സ് " തീയേറ്ററിൽ ആഘോഷിക്കാൻ വേണ്ടി പോയാൽ ഒന്ന് കാണാം...

മമ്മൂട്ടിയെക്കാൾ ഒരു വയസ്സിനു മാത്രം മൂത്തതാണ് രജനി എങ്കിലും എനർജി ലെവലിൻറെ കാര്യം വരുമ്പോൾ അത് ഒരു കാതത്തോളം
വലുതാവുന്നു...

ആ ചടുലത- അത് മാത്രമാണ് #ദർബാറിൻറ ഹൈലൈറ്റ്.

രജനിയുടെ ഡേറ്റ് ഒത്തു വന്നതോടെ തൻറെ എല്ലാ പണിയും കഴിഞ്ഞു എന്ന മട്ടിലായിരുന്നു മുരുകദോസ്സിെൻറ്റെ സംവിധാനം.

കൂളിംഗ് ഗ്ലാസ്, ആക്ഷൻ , പിന്നെ കുറച്ച് സെൻറിമെന്റ് ... ഇതെല്ലാം കൂടിയായാൽ കൈയടിയും വിസിലടി യും ശരശറേന്ന് പോരുമല്ലോ!

എന്തായാലും നായകൻ രക്ഷകൻ ആകണമെന്ന കണ്ടീഷൻ കാരണം രക്ഷപെടുന്നത് സീനിയർ ഹിന്ദി സിനിമാ താരങ്ങളാണ്... 'കാപ്പാനി'ൽ അത് ബോമൻ ഇറാനി ആയിരുന്നെങ്കിൽ ഇവിടെ അത് സുനിൽഷെട്ടി ആകുന്നു. അയാളുടെ അണ്ണാക്കിൽ പരിഭാഷാ യന്ത്രം ഉറപ്പിച്ചിട്ടുള്ളതുകൊണ്ട് സംസാരിക്കുമ്പോൾ തമിഴ് ആണ് മണിമണിയായി പുറത്തേക്കു വരുന്നത്!

നയൻതാരയെ ഒക്കെ,ഒരു ടെക്സ്റ്റൈൽ ഷോപ്പിന്റെ പരസ്യത്തിൽ അഭിനയിപ്പിക്കുന്നത്രയും ലാഘവത്തോടെയാണ് കൈകാര്യം ചെയ്തിരിക്കുന്നത്!

തീർത്തും നിരാശപ്പെടുത്തുന്ന മറ്റൊരു കാര്യമാണ്, ഒളിഞ്ഞിരിക്കുന്ന വില്ലനെ തേടി രജനിയും കൂട്ടരും പഴയ ചാനൽ സ്റ്റുഡിയോ കെട്ടിടത്തിൽ ആക്രമണ സന്നദ്ധരായി എത്തുന്ന സീനിന്റെ ആവിഷ്കാരം. ഹെലികൃാമുകളും മറ്റും ഉപയോഗിച്ച് അവിസ്മരണീയമാക്കി മാറ്റാമായിരുന്ന ആ ഒരു ഷോട്ട് തീർത്തും ഉഴപ്പി എടുത്തിരിക്കുന്നത് എന്തിനാണു നീ ദാസാ ?!

നിന്നു കഥാപ്രസംഗം പറയാതെ സിനിമ നല്ലതാണോ എന്ന് പറയടാ എന്ന് ചോദിച്ചാൽ ഇതേ ഉള്ളൂ ഉത്തരം...
നിങ്ങൾ ഒരു അണ്ണൻ ഫാൻ ആണെങ്കിൽ മാത്രം കാണുക!

---